# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -905 30.06.2011 ൽ മറുപടിക്ക്

### തൃശ്ശൂർ ജില്ലയിലെ അക്കിക്കാവ് - തിച്ചലിശ്ശേരി - കടങ്ങോട് റോഡ് പുനർനിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ . ബാബു എം. പാലിശ്ശേരി | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്തുവകുപ്പു മന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിലെ കുന്നംകുളം പി.ഡബ്ല്യു.ഡി സെക്ഷൻ ഓഫീസിനു കീഴിൽ വരുന്ന അക്കിക്കാവ് - തിച്ചലിശ്ശേരി - കടങ്ങോട് റോഡ് പുനർനിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ്; | (എ) | തൃശ്ശൂർ ജില്ലയിലെ അക്കിക്കാവ്- തൃപ്പലശ്ശേരി - കടങ്ങോട് റോഡ് ജില്ലാ പഞ്ചായത്തിൽ നിന്നും പൊതുമരാമത്തവകുപ്പിന് കൈമാറി കിട്ടിയ റോഡാണ്. ഇതിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. മൂന്നുമാസത്തെ കരാർ കാലാവധിയാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നല്കിയിട്ടുള്ളത്. പുനർനിർമ്മാണ പദ്ധതിയുലുൾപ്പെടുന്ന കലുങ്കിന്റെയും കാനയുടേയും നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ നടന്നുവരുന്നു. സോളിംഗ്, മെറ്റലിംഗ് എന്നിവയ്ക്ക് ആവശ്യമായ മെറ്റലും മറ്റും ശേഖരിച്ചു തുടങ്ങിയിട്ടുണ്ട്. |
| (ബി) പ്രസ്തുത റോഡിന്റെ പണി ഉടൻ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടി എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ ? | (ബി) | മഴക്കാലം മാറിയാലുടൻ തന്നെ ടാറിംഗ് പ്രവൃത്തി ആരംഭിക്കുന്നതിനും 31-12-2011 നകം പ്രവൃത്തി പൂർണ്ണമായും പൂർത്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ